നം.98745/എ.റ്റി.റ്റി/2017/ആഭ്യന്തരം.

ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്,
തിരുവനന്തപുരം, തീയതി, 05/05/2017.

## സർക്കുലർ

10733

വിഷയം: ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് - നിലവിലുള്ള സർക്കുലറിൽ അധിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: 23/09/2011 തീയതിയിലെ 71684/എ.റ്റി.റ്റി/2011/ആഭ്യന്തരം നമ്പർ സർക്കുലർ.

സൂചന സർക്കുലറിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ (എൽ) നിർദ്ദേശത്തോടൊപ്പം അതിന്റെ തുടർച്ചയായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശം ചേർക്കുന്നതു കൂടാതെ പുതിയ ഒരു നിർദ്ദേശം കൂടി ഉൾപ്പെടുത്തുന്നു. നിർദ്ദേശം (എൽ) ന്റെ തുടർച്ചയായി,

"യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ട കേസുകളിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈനിലൂടെ നൽകുന്ന ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ പോലീസ് വെരിഫിക്കേഷൻ കൂടാതെ ഓൺലൈൻ വെരിഫിക്കേഷൻ നടത്തി അറ്റസ്റ്റ് ചെയ്ത് നൽകുന്നതാണ്" എന്നു ചേർക്കുന്നു.

കൂടാതെ നിർദ്ദേശം (എം) കഴിഞ്ഞ് (എൻ) ക്രമ നമ്പരായി താഴെ കൊടുത്തിരിക്കുന്ന പുതിയ നിർദ്ദേശം കൂടി ചേർക്കുന്നു.

എൻ) അപേക്ഷകർ അറ്റസ്റ്റ് ചെയ്യുന്നതിനായി സമർപ്പിക്കുന്ന വിലയാധാരം നോട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

മേൽ ഭേദഗതികളോടെ സൂചനയിലെ സർക്കുലർ നിലനിൽക്കുന്നതാണ്.

സുബ്രത ബിശ്വാസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും കമ്മ്യൂണിക്കേറ്റ് ചെയ്യുന്നതിന്)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (സെക്ഷനുകൾക്കും)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I & PRD, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ